പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2015 16.02.2016-ൽ മറുപടിയ്ക്ക്

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് 17.12.2015-ന് നിയമസഭാമന്ദിരത്തിൽ മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ ഭരണച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. 17.12.2015-ന് നടന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി.

1. സ്റ്റേഡിയം വക ഭൂമി കയ്യേറ്റം നടക്കാതിരിക്കുന്നതിന് പൂർണ്ണമായ ചുറ്റുമതിൽ നിർമ്മിക്കുക.
2. യാതൊരു കാരണവശാലും കായികകേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിക്കാതിരിക്കുക.
3. സ്റ്റേഡിയത്തിന്റെ സംരക്ഷണത്തിനും നടത്തിപ്പിനും ആവശ്യമായ വരുമാനം, കടമുറികളുടെ ലേലം മുഖേന കണ്ടെത്തുകയും വരുമാനം, കൃത്യമായി അക്കൗണ്ട് ചെയ്യുകയും, ഇലക്ട്രിസിറ്റി ചാർജ്ജ്, ഗ്രൗണ്ട് നനയ്ക്കുന്നതിന്റെ ചെലവ്, സ്റ്റാഫിന്റെ ശമ്പളം തുടങ്ങിയ യഥാർത്ഥ ചെലവുകൾക്കുള്ള വരുമാനം സ്റ്റേഡിയത്തിൽ നിന്നുതന്നെ കണ്ടെത്തുക.
4. കടമുറികൾ ഇവാല്യൂവേറ്റ് ചെയ്യുന്നതിന് പി.ഡബ്ലിയു.ഡിയ്ക്കുള്ള ഫീസായ 30,000/- രൂപ ഉടൻ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കെട്ടിവയ്ക്കുക, സുതാര്യമായ മാർഗത്തിലൂടെ കടമുറികൾ ലേലം ചെയ്യുക തുടങ്ങിയ നടപടികൾക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

5. എം.എൽ.എ, മുനിസിപ്പൽ ചെയർമാൻ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി (Advisory Committee) രൂപീകരിക്കുകയും ആയത് യോഗം ചേർന്ന് മേൽകാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്നതുമാണ്.
6. കായികതാരങ്ങളുടെ പരിശീലനത്തിനും പൊതുജനങ്ങൾക്ക് വ്യായാമ ആവശ്യത്തിനുമായി ഒരു നിശ്ചിത സംഖ്യ മെമ്പർഷിപ്പ് ഇനത്തിൽ വാങ്ങുന്നതിനും, പാസ് നൽകുന്നതിനും ഉള്ള നിർദ്ദേശം യോഗം അംഗീകരിച്ചു. ഇതു സംബന്ധിച്ച നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സ്വീകരിക്കാനും തീരുമാനിച്ചു.

**(ബി)** യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

**(ബി)** തീരുമാനം 1,2 -ന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയത്തിന്റെ കടമുറികൾ ലേലം ചെയ്യുന്നതിനായി വാടക തീരുമാനിയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഇതിന്റെ ഫീസായ 30,000/- രൂപ ഒഴിവാക്കുന്നതിന്പി.ഡബ്ല്യു.ഡി-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സ്റ്റേഡിയത്തിൽ 4.99 കോടി ചെലവഴിച്ച സിന്തറ്റിക് ട്രാക്ക് നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾ എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | 29.12.2015-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് തീരുമാനപ്രകാരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി M/s KITCO -യെ പ്രോജക്ട് കൺസൾട്ടന്റായി നിയമിയ്ക്കുന്നതിനും, ഡിപ്പോസിറ്റ് വർക്കായി ഏൽപ്പിയ്ക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ Terms & conditions അറിയിയ്ക്കണമെന്ന് കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Manj M

സെക്ഷൻ ഓഫീസർ